# പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1697

12/06/2019-ൽ മറുപടിയ്ക്ക്

## ആർട്സ് & സയൻസ് കോളേജുകളിൽ പുതിയതായി സൃഷ്ടിച്ച അധ്യാപക തസ്തികകൾ

**ചോദ്യം**

**മറുപടി**

ശ്രീ.വി.ടി.ബൽറാം :

ഡോ.കെ.ടി.ജലീൽ (ഉന്നത വിദ്യാഭ്യാസ വകുപ്പമന്ത്രി)

| | | | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ ആർട്സ് &സയൻസ് കോളേജുകളിൽ പുതിയതായി സൃഷ്ടിച്ച അധ്യാപക തസ്തികകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കാമോ ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സർക്കാർ ആർട്സ് &സയൻസ് കോളേജുകളിൽ 209 പുതിയ അദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. പുതിയതായി സൃഷ്ടിച്ച അധ്യാപക തസ്തികകൾ സംബന്ധിച്ച വിശദവിവരം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | സർക്കാർ ആർട്സ് &സയൻസ് കോളേജുകളിൽ പുതിയതായി സൃഷ്ടിക്കേണ്ട അധ്യാപക തസ്തികകൾ സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടറോ സർക്കാരോ ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (ബി) | വിവിധ സർക്കാർ ആർട്സ് &സയൻസ് കോളേജുകളിൽ നിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ വിശദമായ പരിശോധന നടത്തി കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ വ്യക്തമായ ശുപാർശയുടെ അടിസ്ഥാനത്തിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത്. |
| (സി) | സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ പുതിയതായി അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ: എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (സി) | വിവിധ സർക്കാർ കോളേജുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ഒരുമിച്ച് പരിശോധിക്കുന്നതിനായി സമാഹൃത പ്രൊപ്പോസലാക്കി ലഭ്യമാക്കാൻ കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. |
| (ഡി) | എയ്ഡഡ് കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൃഷ്ടിച്ച അധ്യാപക തസ്തികകൾ സംബന്ധിച്ച് വിശദ വിവരം ലഭ്യമാക്കാമോ; | (ഡി) | എയ്ഡഡ് കോളേജുകളിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൃഷ്ടിച്ച അധ്യാപക തസ്തികകൾ സംബന്ധിച്ച വിശദ വിവരം ചുവടെ ചേർക്കുന്നു.<br>(1) എം.ജി കോളേജ്, ഇരിട്ടി - കൊമേഴ്സ് & മാനേജ്മെന്റ് സ്റ്റഡീസ് - 6 |

| | | | |
|---|---|---|---|
| | | | (2) മലബാർ കോളേജ് ഓഫ് അഡ്വാൻസ്ഡ് സ്റ്റഡീസ് - ബി.എം.എം.സി - 2<br><br>(3) ടി.കെ.എം. കോളേജ്, കൊല്ലം - ബയോകെമിസ്ട്രി - 1<br><br>(4) സെന്റ് തോമസ് കോളേജ്, റാന്നി - ഇംഗ്ലീഷ് - 1<br><br>(5) സാന്തോം മലങ്കര ആർട്സ് & സയൻസ് കോളേജ്, പാറശാല - കെമിസ്ട്രി - 1, ഇംഗ്ലീഷ് - 1 , ബി.കോം - 1, പ്രിൻസിപ്പൽ - 1<br><br>(6) സെന്റ് ജോസഫ് കോളേജ്, ഇരിങ്ങാലക്കട - എം.എ മലയാളം - 3 |
| (ഇ) | എയ്ഡഡ് കോളേജുകളിൽ പുതിയതായി അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലുണ്ടോ; | (ഇ) | ഉണ്ട്. |
| (എഫ്) | എയ്ഡഡ് കോളേജുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സർക്കാരോ കോളേജ് വിദ്യാഭ്യാസ ഡയറക്ടറോ നടത്തുന്ന പഠനത്തിന്റെ അടിസ്ഥാനത്തിലാണോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ; | (എഫ്) | എയ്ഡഡ് കോളേജുകളിൽ അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് യൂണിവേഴ്സിറ്റിയും, കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറും, കോളേജ് മാനേജ്മെന്റ്/പ്രിൻസിപ്പൽ പ്രതിനിധിയും ചേർന്നു നടത്തുന്ന വർക്ക് ലോഡ് അദാലത്തിന്റെ അടിസ്ഥാനത്തിലാണ്. |
| (ജി) | സർക്കാർ കോളേജുകളിലും എയ്ഡഡ് കോളേജുകളിലും അധ്യാപക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച മാനദണ്ഡം എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | (ജി) | സർക്കാർ ആർട്സ് & സയൻസ് കോളേജുകളിൽ കുറഞ്ഞത് 16 മണിക്കൂറെങ്കിലും ആഴ്ചയിൽ വർക്ക് ലോഡുള്ള തസ്തികയിലാണ് പുതിയ തസ്തികകൾ സൃഷ്ടിക്കാറുള്ളത്. എയ്ഡഡ് കോളേജുകളിൽ ആഴ്ചയിൽ സിംഗിൾ ഫാക്കൽറ്റി വിഭാഗത്തിൽ 8 മണിക്കൂർ ജോലിഭാരവും മറ്റ് വിഭാഗങ്ങളിൽ 16 മണിക്കൂർ ജോലി ഭാരവുമാണ് തസ്തിക സൃഷ്ടിക്കുന്നതിനുള്ള നിലവിലെ മാനദണ്ഡം. ഫിസിക്കൽ എഡ്യൂക്കേഷൻ വിഭാഗത്തിൽ 1000 വിദ്യാർത്ഥികൾക്ക് 1 അധ്യാപകനും 1000 ത്തിനു മുകളിൽ വിദ്യാർത്ഥികൾക്ക് 2 അധ്യാപകരെയുമാണ് അനുവദിക്കുന്നത്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

| ക്രമ നമ്പർ | വിഷയം | തസ്തികകൾ |
|---|---|---|
| 1 | ഫിസിക്സ് | 15 |
| 2 | ഇംഗ്ലീഷ് | 39 |
| 3 | ഗണിതശാസ്ത്രം | 21 |
| 4 | മലയാളം | 10 |
| 5 | സ്റ്റാറ്റിസ്റ്റിക്സ് | 5 |
| 6 | തമിഴ് | 5 |
| 7 | അറബിക് | 6 |
| 8 | ഉറുദു | 1 |
| 9 | ഹിന്ദി | 1 |
| 10 | കെമിസ്ട്രി | 14 |
| 11 | ബോട്ടണി | 3 |
| 12 | സുവോളജി | 5 |
| 13 | സൈക്കോളജി | 2 |
| 14 | മ്യൂസിക് (UGC) | 4 |
| 15 | കമ്പ്യൂട്ടർ സയൻസ് | 10 |
| 16 | ബയോകെമിസ്ട്രി | 2 |
| 17 | മൈക്രോബയോളജി | 1 |
| 18 | ജ്യോഗ്രഫി | 8 |
| 19 | ഇസ്ലാമിക് ഹിസ്റ്ററി | 3 |
| 20 | സോഷ്യോളജി | 1 |
| 21 | ഹിസ്റ്ററി | 2 |
| 22 | കോമേഴ്സ് | 23 |
| 23 | ഇക്കണോമിക്സ് | 18 |
| 24 | ജേർണലിസം | 2 |
| 25 | സംസ്കൃതം (വേദാന്തം) | 4 |
| 26 | ബി.ബി.എ | 1 |
| 27 | സംസ്കൃതം (ജ്യോതിഷം) | 3 |
| **ആകെ** | | **209** |

**സെക്ഷൻ ഓഫീസർ**